"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്കായി 20 കോടി രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഐഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1091/2021/ത.സ്വ.ഭ.വ — തീയതി,തിരുവനന്തപുരം, 03/06/2021

പരാമർശം:- 1 30.04.2021 തീയതിയിലെ സ.ഉ.(സാധാ )നം.937/2021/തസ്വഭവ

2 31.05.2021 തീയതിയിലെ സ.ഉ.(സാധാ )നം.1065/2021/തസ്വഭവ

3 06.05.2021 തീയതിയിലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 1606/ഡി/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

4 03.06.2021 തീയതിയിലെ സ.ഉ.(സാധാ )നം.1087/2021/തസ്വഭവ

**ഉത്തരവ്**

2021-22 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29(P)"എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം (2)പ്രകാരം ഉത്തരവ്വ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (3)ലെ കത്ത് പ്രകാരം ജനകീയ ഹോട്ടലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വിശപ്പ രഹിതകേരളം പദ്ധതിയുടെ ഗുണഫലം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുമായി 60 കോടി രൂപ അധിക ധനാനുമതി മുഖേന അനുവദിച്ച് നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾക്കായി "2515-00-102-29(P)"എന്ന ബജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 200 കോടി രൂപയിൽ പരാമർശം (4)ലെ ഉത്തരവ് പ്രകാരം അനുവദിച്ച 66 കോടി രൂപയിൽ നിന്നും പരാമർശം(1) ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി കുടുംബശ്രീ ജനകീയ ഹോട്ടലുകൾക്കായി 20 കോടി രൂപ (ഇരുപത് കോടി രൂപ മാത്രം) വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ എസ് എ /ജി & എസ്. എസ്. എ.) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (യു. ഒ. നോട്ട് നം. DEV2/107/2021-Fin തീയതി 17.05.2021)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി .എസ് -ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. -ക്ക്.